എ.വൈ.ആർ

സത്യധർമങ്ങളംഗീകരിക്കുകയില്ല എന്ന പ്രതിജ്ഞയെടുത്ത ഹൃദയങ്ങളിൽ സത്യവചനങ്ങൾ ഏശാതിരിക്കുക എന്നതാണ് അല്ലാഹു നിശ്ചയിച്ച പ്രകൃതി. ദൈവിക വചനങ്ങൾ തള്ളിക്കളയുന്നവർ ദൈവത്തെ തോൽപിക്കുകയല്ല. അവരുടെ നിഷേധവും അവൻ നിശ്ചയിച്ച നിയമമനുസരിച്ചാണ് സംഭവിക്കുന്നത്. കടുത്ത ഉദരരോഗമുള്ളവർ എത്ര വിശിഷ്ടമായ വിഭവം കഴിച്ചാലും ഛർദിച്ചുപോകുമല്ലോ. അതുപോലെ ജീർണവും രോഗഗ്രസ്തവുമായ മനസ്സുകൾക്ക് സദ്വർത്തമാനങ്ങളൊന്നും ഉൾക്കൊള്ളാനാവില്ല.



وَإِنَّهُ لَفِي زُبُرِ الْأَوَّلِينَ ﴿١٩٦﴾

أَوَلَمْ يَكُنْ لَهُمْ آيَةً أَنْ يَعْلَمَهُ عُلَمَاءُ بَنِي إِسْرَائِيلَ ﴿١٩٧﴾

196. പൂർവ വേദങ്ങളിലും ഇതുണ്ട്.

197. ഇസ്രാഈലീ വിദ്വാന്മാർക്ക് ഇതറിയാമെന്നത് ഇക്കൂട്ടർക്ക് മതിയായ ദൃഷ്ടാന്തമായിട്ടില്ലയോ?!

**196,197**

وَإِنَّهُ = തീർച്ചയായും അത് ഉണ്ട് لَفِي زُبُرِ الْأَوَّلِينَ = പൂർവികരുടെ ഗ്രന്ഥങ്ങളിൽ തന്നെ(പൂർവ വേദങ്ങളിലും)

أَوَلَمْ يَكُنْ لَهُمْ آيَةً = അവർക്ക്(ഇക്കൂട്ടർക്ക് മതിയായ) ദൃഷ്ടാന്തം ആയിട്ടില്ലയോ

أَنْ يَعْلَمَهُ = അത് അറിയു(യാമെ)ന്നത് عُلَمَاءُ بَنِي إِسْرَائِيلَ = ഇസ്രാഈലീ വിദ്വാന്മാർ(ക്ക്)

زبر ന്റെ ബഹുവചനമാണ് زُبُر. ക്രിയാനാമ(مصدر)മായും കേവല നാമമായും زبر ഉപയോഗിക്കും. ക്രിയാനാമമാകുമ്പോൾ തടിപ്പിക്കൽ എന്നും കേവല നാമമാകുമ്പോൾ പുസ്തകം എന്നും അർഥമാകുന്നു. തടിപ്പും കാഠിന്യവുമാണ് മൗലികമായ അർഥം. പുസ്തകം തടിച്ച ലിപികളിലെഴുതുന്നതിന് زبر الكتاب എന്നു പറയും. തടിച്ച ലോഹക്കഷ്ണത്തിനും ലോഹത്തിന്റെ അങ്കിക്കും زبرة എന്നു പറയുന്നു. ദാവൂദി(അ)ന് ലഭിച്ച സങ്കീർത്തനങ്ങൾ എന്ന ബൈബിൾ പുസ്തകം زبور എന്ന പേരിലാണ് അറബിയിൽ അറിയപ്പെടുന്നത്. ശിലാലിഖിതങ്ങൾക്ക് زُبُر എന്നു പറയും. ഈ സൂക്തത്തിൽ زبر കൊണ്ട് വിവക്ഷിച്ചിട്ടുള്ളത് വേദഗ്രന്ഥങ്ങളാണ്. പൂർവ വേദങ്ങളിൽ ഇതുണ്ട് എന്നു പറഞ്ഞത് ഇതേ വചനങ്ങൾ അവയിലുമുണ്ട് എന്ന അർഥത്തിലല്ല; ഖുർആൻ അവതരിപ്പിക്കുന്ന അടിസ്ഥാനാദർശങ്ങളും അധ്യാപനങ്ങളും പൂർവവേദങ്ങളിലുള്ളതു തന്നെയാകുന്നു എന്ന അർഥത്തിലാണ്- വേദപണ്ഡിതന്മാർക്ക് അക്കാര്യം നന്നായറിയാം. ഖുർആനിന്റെ ദൈവികതക്ക് ദൃഷ്ടാന്തം തേടുന്നവർക്ക് മതിയായ ദൃഷ്ടാന്തമാണത്. ആവർത്തന പുസ്തകം 18:15,16 വചനങ്ങളിൽ മൂസാ(അ) പറയുന്നു: ''എന്നെപ്പോലുള്ള ഒരു പ്രവാചകനെ നിന്നിൽനിന്ന് നിന്റെ സഹോദരന്മാരിൽനിന്ന് നിനക്കായി നിന്റെ ദൈവമായ കർത്താവ് ഉയർത്തും നിങ്ങൾ അയാളെ ചെവിക്കൊള്ളണം. ...........അപ്പോൾ കർത്താവ് അരുൾ ചെയ്തു. അവർ പറഞ്ഞതെല്ലാം ശരിതന്നെ. നിന്നെപ്പോലെ ഒരു പ്രവാചകനെ അവരുടെ സഹോദരന്മാരിൽനിന്ന് അവർക്കായി ഞാൻ ഉയർത്തും. ഞാൻ എന്റെ വചനങ്ങൾ അയാളുടെ നാവിൽ നിവേശിപ്പിക്കും. ഞാൻ കൽപിക്കുന്നവയെല്ലാം അയാൾ അവരോടു സംസാരിക്കും. അയാൾ എന്റെ നാമത്തിൽ ഉച്ചരിക്കുന്ന വാക്കുകൾ ചെവിക്കൊള്ളാത്തവനോടു ഞാൻ തന്നെ കണക്കുചോദിക്കും.'' ഇസ്രാഈല്യരുടെ സഹോദരന്മാർ ഇസ്മാഈല്യർ അഥവാ അറബികൾ ആണെന്ന കാര്യം വ്യക്തമാണല്ലോ. അവരുടെ കൂട്ടത്തിൽ, മൂസാ നബിക്കു ലഭിച്ചതുപോലുള്ള ശരീഅത്തുമായി ആഗതനായ ആ പ്രവാചകൻ മുഹമ്മദ്(സ) ആകുന്നു. അദ്ദേഹത്തിന്റെ നാവിൽ നിവേശിപ്പിക്കുമെന്ന് പ്രവചിക്കപ്പെട്ട വചനമാണ് ഖുർആൻ. മത്തായി 24:11-14 പ്രവചിക്കുന്നു: ''പല വ്യാജപ്രവാചകന്മാരും ഉണ്ടാകും. അവർ അനേകരെ വഴിപിഴപ്പിക്കും. അധർമം വർധിക്കുകമൂലം മിക്കവരുടെയും സ്നേഹം തണുത്തുറഞ്ഞുപോകും. എന്നാൽ അവസാനം വരെ സഹിച്ചു നിൽക്കുന്നവൻ രക്ഷിക്കപ്പെടും. രാജ്യത്തിന്റെ ഈ സുവിശേഷം എല്ലാ ജനതകൾക്കും സാക്ഷ്യമായി ലോകമെമ്പാടും ഉദ്ഘോഷിക്കപ്പെടും. അപ്പോൾ അവസാനം വന്നെത്തും.'' ഈ വചനങ്ങളിൽ 'അവസാനം വരെ സഹി

ച്ചു നിൽക്കുന്നവൻ' എന്നു പറഞ്ഞത് അന്ത്യപ്രവാചകൻ പ്രബോധനം ചെയ്ത ദീനിനെയാണ്. വ്യക്തികൾക്ക് ഈ ലോകത്ത് നിത്യജീവിതമില്ലല്ലോ. ആ ദീൻ ലോകമെങ്ങും പ്രബോധനം ചെയ്യപ്പെട്ടുകൊണ്ടിരിക്കുമ്പോഴാണ് അന്ത്യ നാൾ സംഭവിക്കുക എന്നാണ് തുടർന്നു പറയുന്നത്. 'രാജ്യത്തിന്റെ സുവിശേഷം' ഖുർആനാണ്. യോഹന്നാൻ 26: 16-17 ൽ ഈസാ(അ) പറയുന്നു: ''ഞാൻ പിതാവിനോടു പ്രാർഥിക്കും: നിങ്ങളോടു കൂടി എന്നെന്നും ഉണ്ടായിരിക്കുന്നതിന് പിതാവ് മറ്റൊരു സഹായകനെ നിങ്ങൾക്കു തരും. ലോകത്തിന് ആ സത്യാത്മാവിനെ സ്വീകരിക്കാൻ സാധ്യമല്ല. കാരണം അവനെ ലോകം കാണുകയോ അറിയുകയോ ചെയ്യുന്നില്ല....

............. എന്നാൽ എന്റെ നാമത്തിൽ പിതാവ് അയക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാ കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കും. ഞാൻ പറഞ്ഞിട്ടുള്ളതെല്ലാം അവൻ നിങ്ങളെ ഓർമിപ്പിക്കുകയും ചെയ്യും.'' ഈ വചനങ്ങളിൽ എന്നെന്നും നിങ്ങളോടൊപ്പം ഉണ്ടായിരിക്കും എന്നു പറയുന്നത് മുഹമ്മദീയ ശരീഅത്തിന്റെയും വേദത്തിന്റെയും ശാശ്വതികത്വത്തെക്കുറിച്ചാണ്. 'എന്റെ നാമത്തിൽ അയക്കുന്ന' എന്നതിന്റെ താൽപര്യം എന്നെപ്പോലെ പ്രവാചകനായി നിയോഗിക്കുന്ന എന്നാണ്. 'ഞാൻ പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ ഓർമിപ്പിക്കുമെ'ന്നു പറയുന്നത് ഖുർആനിനെ കുറിച്ചും. ■

---

وَلَوْ نَزَّلْنَاهُ عَلَىٰ بَعْضِ الْأَعْجَمِينَ ﴿١٩٨﴾

198. നാം ഈ ഖുർആൻ ഏതെങ്കിലും അനറബിക്ക് അവതരിപ്പിച്ചുകൊടുത്തിരുന്നുവെങ്കിൽ;

فَقَرَأَهُ عَلَيْهِم مَّا كَانُوا بِهِ مُؤْمِنِينَ ﴿١٩٩﴾

199. എന്നിട്ട് അദ്ദേഹം അതവർക്ക് ഓതിക്കൊടുത്തിരുന്നുവെങ്കിൽ; എന്നാലും അവരതു വിശ്വസിക്കുന്നവരായിരുന്നില്ല.

**198,199**

وَلَوْ نَزَّلْنَاهُ = നാം അത് (ഈ ഖുർആൻ) അവതരിപ്പിച്ചുകൊടുത്തിരുന്നുവെങ്കിൽ
عَلَىٰ بَعْضِ الْأَعْجَمِينَ = ചില (ഏതെങ്കിലും) അനറബികൾക്ക്
فَقَرَأَهُ عَلَيْهِم = എന്നിട്ട് അദ്ദേഹം അതവർക്ക് ഓതിക്കൊടുത്തിരുന്നുവെങ്കിൽ
مَّا كَانُوا بِهِ مُؤْمِنِينَ = (എന്നാലും) അവരതു വിശ്വസിക്കുന്നവരായിരുന്നില്ല

أَعْجَم-ന്റെ ബഹുവചനമാണ് أَعْجَمِين ഈ പദത്തിന്റെ അർഥം *ഖുർആൻ ബോധനം അന്നഹ്ൽ* 103-ാം സൂക്തത്തിനു താഴെ വിശദമാക്കിയിരിക്കുന്നു. പൂർവവേദങ്ങൾ ഉൾക്കൊള്ളുന്നതും ഇസ്രാഈലീ വിദ്വാന്മാർക്ക് നന്നായറിയാവുന്നതുമായ അടിസ്ഥാന തത്ത്വങ്ങളും മൗലിക നിയമങ്ങളുമാണ് ഈ ഖുർആൻ അവതരിപ്പിക്കുന്നത് എന്നതുതന്നെ സത്യാന്വേഷികൾക്ക് ഇതിൽ വിശ്വസിക്കാൻ മതിയായ ദൃഷ്ടാന്തമാണെന്നാണല്ലോ മുൻ സൂക്തങ്ങൾ സൂചിപ്പിച്ചത്. തുടർന്ന് അത് ഒന്നുകൂടി വിശദീകരിക്കുകയാണ് ഈ സൂക്തങ്ങൾ. പൂർവവേദങ്ങൾ പോലെ അറബിയല്ലാത്ത ഭാഷയിൽ അനറബിയായ പ്രവാചകന് ഈ ഖുർആൻ അവതരിക്കുകയും അദ്ദേഹം ഇവർക്ക് ഓതിക്കൊടുക്കുകയുമാണെങ്കിൽ അപ്പോഴും അവർ വിശ്വസിക്കാൻ പോകുന്നില്ല. അറബിയല്ലാത്ത ഒരാൾ അറബിയല്ലാത്ത ഭാഷയിൽ വേദമോതിയാൽ ഞങ്ങൾക്കെങ്ങനെ മനസ്സിലാകും, ഞങ്ങളെങ്ങനെ അതിൽ വിശ്വസിക്കും എന്നായിരിക്കും അപ്പോഴവരുടെ ന്യായമെന്ന് സൂറ *ഹാമീം അസ്സജദ* 44-ാം സൂക്തത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. وَلَوْ جَعَلْنَاهُ قُرْآنًا أَعْجَمِيًّا لَّقَالُوا لَوْلَا فُصِّلَتْ آيَاتُهُ ۖ أَأَعْجَمِيٌّ وَعَرَبِيٌّ - (നാം ഈ ഖുർആനിനെ അനറബി ഭാഷയിൽ അവതരിപ്പിച്ചിരുന്നുവെങ്കിൽ തീർച്ചയായും അവർ പറയുമായിരുന്നു: അതിലെ സൂക്തങ്ങൾ വ്യക്തമാക്കപ്പെടാത്തതെന്ത്? അറബികളായ പ്രബോധിതരോട് അനറബി ഭാഷയിൽ പ്രബോധനമോ?!) പ്രവാചകൻ അനറബിയാണെങ്കിൽ അദ്ദേഹത്തിന് അറബിയിൽ വേദം ഓതാനും പഠിപ്പിക്കാനും കഴിയില്ലല്ലോ. അറബി പ്രവാചകൻ അറബിയിൽ തന്നെ വേദമോതുമ്പോൾ പറയും; ഇത് ആരിൽനിന്നോ കേട്ടു പഠിച്ചുവന്ന് പാടുകയാണ്, അല്ലെങ്കിൽ പൂർവ കഥകൾ പകർത്തിപ്പറയുകയാണ് എന്ന്. وَلَقَدْ نَعْلَمُ أَنَّهُمْ يَقُولُونَ إِنَّمَا يُعَلِّمُهُ بَشَرٌ - (ഇയാൾക്ക് ഏതോ മനുഷ്യൻ പഠിപ്പിച്ചുകൊടുക്കുന്നതാണ് ഈ വചനങ്ങളെന്ന് അവർ പറയുമെന്ന് തീർച്ചയായും നമുക്കറിയാം -16:103). അവർക്കുവേണ്ടി അറബിയായ പ്രവാചകനെ നിയോഗിക്കുകയും അറബി ഭാഷയിൽ വേദമവതരിപ്പിക്കുകയും ചെയ്തത് വാസ്തവത്തിൽ അല്ലാഹു അവർക്കരുളിയ മഹത്തായ അനുഗ്രഹമാണ്. പ്രവാചകൻ അവർക്ക് പരിചിതനും സ്വീകാര്യനുമായ, അവരിൽനിന്നുതന്നെയുള്ള വിശിഷ്ട വ്യക്തി. വേദഭാഷ അവർ സംസാരിക്കുന്ന ശുദ്ധവും സുന്ദരവുമായ അറബിയും. ഇതൊന്നും ഈ ഖുർആനിൽ വിശ്വസിക്കാൻ പ്രചോദനമാകുന്നില്ലെങ്കിൽ അതിനർഥം എന്തായാലും അതിൽ വിശ്വസിക്കില്ല എന്ന് അവർ പ്രതിജ്ഞയെടുത്തിരിക്കുന്നുവെന്നാണ്. എന്തൊക്കെ ന്യായങ്ങൾ പറഞ്ഞാലും എത്ര ദൃഷ്ടാന്തങ്ങൾ കാണിച്ചാലും അവരാ തീരുമാനത്തിൽനിന്ന് മാറാൻ പോകുന്നില്ല.

وَلَوْ نَزَّلْنَا عَلَيْكَ كِتَابًا فِي قِرْطَاسٍ فَلَمَسُوهُ بِأَيْدِيهِمْ لَقَالَ الَّذِينَ كَفَرُوا إِنْ هَٰذَا إِلَّا سِحْرٌ مُّبِينٌ ﴿٧﴾

(നാം നിനക്ക് കടലാസിൽ എഴുതപ്പെട്ട ഒരു വേദം ഇറക്കിത്തരികയും ജനം അവരുടെ കൈകൾകൊണ്ട് തൊട്ടുനോക്കുകയും ചെയ്താൽ പോലും ഇതൊരാഭിചാരമല്ലാതൊന്നുമല്ല എന്നായിരിക്കും അവർ പറയുക -6:7). ■

كَذَٰلِكَ سَلَكْنَاهُ فِي قُلُوبِ الْمُجْرِمِينَ ﴿٢٠٠﴾

لَا يُؤْمِنُونَ بِهِ حَتَّىٰ يَرَوُا الْعَذَابَ الْأَلِيمَ ﴿٢٠١﴾

فَيَأْتِيَهُم بَغْتَةً وَهُمْ لَا يَشْعُرُونَ ﴿٢٠٢﴾

فَيَقُولُوا هَلْ نَحْنُ مُنظَرُونَ ﴿٢٠٣﴾

200. ഈവിധം നാം ഈ സൂക്തങ്ങൾ ദുഷ്ട മനസ്സുകളിലൂടെ കടത്തിവിടുകയാകുന്നു.

201. നോവേറിയ ദൈവിക ശിക്ഷ കണ്ടറിയുന്നതുവരെ അവരതു വിശ്വസിക്കാൻ പോകുന്നില്ല.

202. അതോ, അവർ നിനച്ചിരിക്കാത്ത സന്ദർഭത്തിൽ ആകസ്മികമായി വന്നുഭവിക്കുന്നതാകുന്നു.

203. അന്നവർ ഇനി ഞങ്ങൾക്ക് അവസരം കിട്ടുമോ എന്നു വിലപിച്ചുകൊണ്ടിരിക്കും.

**200,203**

كَذَٰلِكَ = ഈ വിധം سَلَكْنَاهُ = നാം അതിനെ (ഈ സൂക്തങ്ങൾ) കടത്തിവിടുന്നു

فِي قُلُوبِ الْمُجْرِمِينَ = കുറ്റവാളികളുടെ ഹൃദയങ്ങളിൽ (ദുഷ്ടമനസ്സുകളിലൂടെ)

لَا يُؤْمِنُونَ بِهِ = അവരതിൽ വിശ്വസിക്കു(ക്കാൻ പോകു)ന്നില്ല

حَتَّىٰ يَرَوُا = അവർ കാണു(കണ്ടറിയു)ന്നതുവരെ الْعَذَابَ الْأَلِيمَ = നോവേറിയ (ദൈവിക) ശിക്ഷ

فَيَأْتِيَهُم = അത്(തോ) അവർക്കു വരുന്ന(വന്നു ഭവിക്കുന്നതാകുന്നു) بَغْتَةً = ആകസ്മികമായി

وَهُمْ لَا يَشْعُرُونَ = അവർ അറിയാത്ത അവസ്ഥയിൽ (നിനച്ചിരിക്കാത്ത സന്ദർഭത്തിൽ)

فَيَقُولُوا = അപ്പോൾ അവർ പറയും (അന്ന് അവർ വിലപിച്ചുകൊണ്ടിരിക്കും)

هَلْ نَحْنُ مُنظَرُونَ = ഞങ്ങൾ അവധി നൽകപ്പെടുന്നവരാണോ (ഇനി ഞങ്ങൾക്ക് അവസരം കിട്ടുമോ)

ഒരു വസ്തുവിനെ മറ്റൊരു വസ്തുവിനുള്ളിലൂടെ കോർത്തെടുക്കുക, കടത്തിവിടുക എന്ന് ഭാഷാർഥമുള്ള سلك -ൽനിന്നുള്ള സകർമക ക്രിയയാണ് سَلَكَ. സഞ്ചാരം, ചര്യ എന്നീ അർഥങ്ങളിലും ഉപയോഗിക്കുന്നു. മദ്ഹബ്, ത്വരീഖത്ത് തുടങ്ങിയ പദങ്ങളുടെ സാങ്കേതികാർഥങ്ങളിൽ (കർമസരണി, അനുഷ്ഠാന ചര്യ) مسلك ഉപയോഗിക്കും. ഇവിടെ ഉദ്ദേശ്യം ഭാഷാർഥമാണ്. സൂക്ത താൽപര്യം ഇതാണ്: ഈ വേദവചനങ്ങൾ പാപഗ്രസ്തരായ ദുഷ്ടജനം കേൾക്കുന്നുവെങ്കിലും അതവരുടെ മനസ്സിൽ തങ്ങുകയോ ചിന്തയെ തട്ടിയുണർത്തുകയോ ചെയ്യുന്നില്ല. ഒരു ചെവിയിലൂടെ കേട്ട് മറു ചെവിയിലൂടെ പുറംതള്ളുകയാണിവർ. മനസ്സ് പാപത്തിലും ധർമവിരോധത്തിലും ആണ്ടുപോയിരിക്കുന്നുവെന്നതാണിതിനു കാരണം. അസത്യത്തിലും അധർമത്തിലും അടിയുറച്ചു നിൽക്കാൻ പ്രതിജ്ഞയെടുത്ത മനസ്സുകളിലെത്തുന്ന സുവിശേഷങ്ങളും ധർമോപദേശങ്ങളും ചേമ്പിലയിൽ വീഴുന്ന ജലകണങ്ങൾ പോലെ അതിൽ ഒരു സ്വാധീനവും ചെലുത്താതെ പുറത്തേക്ക് തള്ളപ്പെടുകയെന്നത് പ്രകൃതി നിയമമാണ്. 83:13-14-ൽ പറയുന്നു:

إِذَا تُتْلَىٰ عَلَيْهِ آيَاتُنَا قَالَ أَسَاطِيرُ الْأَوَّلِينَ ﴿١٣﴾ كَلَّا ۖ بَلْ ۜ رَانَ عَلَىٰ قُلُوبِهِم مَّا كَانُوا يَكْسِبُونَ ﴿١٤﴾

(നമ്മുടെ സൂക്തങ്ങൾ ഓതിക്കൊടുക്കുമ്പോൾ അവർ ഘോഷിക്കുന്നു: ഇതോ, പൂർവികരുടെ ഇതിഹാസങ്ങളാകുന്നു. എന്നാൽ ഒരിക്കലും അതല്ല സത്യം. അവരുടെ മനസ്സുകളിൽ സ്വന്തം പാപകർമങ്ങളുടെ കറപിടിച്ചിരിക്കുന്നു എന്നതത്രെ സത്യം). ഇവിടെ 'നാം കടത്തിവിടുന്ന' - سلكناه- എന്നു പറഞ്ഞതിന്റെ താൽപര്യം അവർ ദൈവിക വചനം സ്വീകരിക്കാൻ തയാറായിരുന്നുവെങ്കിലും അല്ലാഹു അതിനനുവദിക്കാതെ അതിനെ അവരുടെ ഹൃദയങ്ങളിൽനിന്ന് പുറത്തേക്ക് തള്ളിവിട്ടു എന്ന അർഥത്തിലല്ല. മറിച്ച്, സത്യധർമങ്ങളംഗീകരിക്കുകയില്ല എന്ന പ്രതിജ്ഞയെടുത്ത ഹൃദയങ്ങളിൽ സത്യവചനങ്ങൾ ഏശാതിരിക്കുക എന്നതാണ് അല്ലാഹു നിശ്ചയിച്ച പ്രകൃതി. ദൈവിക വചനങ്ങൾ തള്ളിക്കളയുന്നവർ ദൈവത്തെ തോൽപിക്കുകയല്ല. അവരുടെ നിഷേധവും അവൻ നിശ്ചയിച്ച നിയമമനുസരിച്ചാണ് സംഭവിക്കുന്നത്. കടുത്ത ഉദരരോഗമുള്ളവർ എത്ര വിശിഷ്ടമായ വിഭവം കഴിച്ചാലും ഛർദിച്ചുപോകുമല്ലോ. അതുപോലെ ജീർണവും രോഗഗ്രസ്തവുമായ മനസ്സുകൾക്ക് സദ്‌വർത്തമാനങ്ങളൊന്നും ഉൾക്കൊള്ളാനാവില്ല. ഖുർആൻ മുന്നറിയിപ്പു നൽകുന്ന ദാരുണമായ ശിക്ഷകൾ കൺമുമ്പിലെത്തുന്നതുവരെ ഇക്കൂട്ടർ ഖുർആനിൽ വിശ്വസിക്കുമെന്ന് കരുതേണ്ട. ശിക്ഷയെത്തുന്നതാകട്ടെ അവർ ഒട്ടും നിനച്ചിരിക്കാത്തപ്പോൾ ആകസ്മികമായിട്ടായിരിക്കും. അതുവന്നുകഴിയുമ്പോൾ വേദപ്രവചനങ്ങളും പ്രവാചകന്മാരുടെ ഉപദേശങ്ങളും തികഞ്ഞ സത്യങ്ങളായിരുന്നു എന്ന് അവർക്ക് ബോധ്യപ്പെടും. പക്ഷേ, ബോധ്യം കൊണ്ട് ഒരു ഗുണവുമുണ്ടാവില്ല. വേദപ്രമാണങ്ങൾ പാലിക്കാനും പ്രവാചകന്മാരെ അനുസരിക്കാനും അങ്ങനെ ജീവിതം സംസ്കരിച്ച് രക്ഷപ്പെടാനുമുള്ള അവസരം അപ്പോൾ പൂർണമായും അവസാനിച്ചുകഴിഞ്ഞിരിക്കും. സത്യധർമങ്ങൾ സ്വീകരിച്ച് ജീവിതം വീണ്ടെടുക്കാൻ നമുക്ക് ഒരവസരം കൂടി ലഭിച്ചെങ്കിൽ എന്ന് വിലപിക്കാൻ മാത്രമേ അന്നവർക്ക് കഴിയൂ. ■

أَفَبِعَذَابِنَا يَسْتَعْجِلُونَ ﴿٢٠٤﴾

204. നമ്മുടെ ശിക്ഷക്കുവേണ്ടിയാണോ ഇക്കൂട്ടർ ധൃതിപ്പെടുന്നത്?

أَفَرَأَيْتَ إِنْ مَتَّعْنَاهُمْ سِنِينَ ﴿٢٠٥﴾

205. നീ ആലോചിച്ചുനോക്കിയോ, നാം അവർക്ക് കുറേ വർഷങ്ങൾ കൂടി ജീവിതവിഭവങ്ങൾ നൽകുകയും,

ثُمَّ جَاءَهُمْ مَا كَانُوا يُوعَدُونَ ﴿٢٠٦﴾

206. പിന്നീട് താക്കീതു ചെയ്യപ്പെട്ട ശിക്ഷ വന്നു ഭവിക്കുകയും ചെയ്യുന്നുവെന്ന് വെക്കുക.

مَا أَغْنَىٰ عَنْهُمْ مَا كَانُوا يُمَتَّعُونَ ﴿٢٠٧﴾

207. എങ്കിൽ അവരനുഭവിച്ച ദീർഘായുസ്സുകൊണ്ടെന്തു കാര്യം?

**204,207**

أَفَبِعَذَابِنَا= നമ്മുടെ ശിക്ഷക്കു വേണ്ടിയാണോ يَسْتَعْجِلُونَ = അവർ (ഇക്കൂട്ടർ) ധൃതി കൂട്ടുന്നത്
أَفَرَأَيْتَ= നീ ആലോചിച്ചുനോക്കിയോ إِنْ مَتَّعْنَاهُمْ = നാം അവർക്ക് ജീവിതവിഭവം നൽകിയെങ്കിൽ(നൽകുകയും)
سِنِينَ = (കുറേ) വർഷങ്ങൾ (കൂടി) ثُمَّ جَاءَهُمْ = പിന്നീട് അവർക്കു വന്നുഭവിക്കുകയും ചെയ്തു(വെങ്കിൽ)
مَا كَانُوا يُوعَدُونَ = അവർ താക്കീതു ചെയ്യപ്പെട്ട(ശിക്ഷ)ത് എന്തോ അത്
مَا أَغْنَىٰ عَنْهُمْ = അവർക്ക് എന്തു കാര്യം, അവർക്ക് കാര്യമില്ല
مَا كَانُوا يُمَتَّعُونَ = അവർ അനുഭവിപ്പിക്കപ്പെട്ടിരുന്നത്(അവരനുഭവിച്ച ദീർഘായുസ്സുകൊണ്ട്)

ദൈവധിക്കാരത്തിനും പ്രവാചകദ്രോഹത്തിനും ദൈവത്തിന്റെ കൊടിയ ശിക്ഷ നേരിടേണ്ടിവരുമെന്ന് താക്കീതു ചെയ്യുമ്പോൾ മുരത്ത സത്യനിഷേധികൾ ഒരു വെല്ലുവിളിയെന്നോണം ആവശ്യപ്പെടാറുണ്ട്: ശരി, ആ ശിക്ഷ വേഗം ഒന്നിങ്ങുകൊണ്ടുവന്നാട്ടെ, ഞങ്ങളൊന്ന് കാണട്ടെ. അപ്പോൾ സത്യവിശ്വാസികളും സന്മാർഗികളുമായിക്കൊള്ളാം- ഈ മൂഢമായ നിലപാടിൽ അത്ഭുതം പ്രകടിപ്പിച്ചുകൊണ്ട് ചോദിക്കുകയാണ്; ശിക്ഷിക്കപ്പെടാനാണ് ഈയാളുകൾ ധൃതികൂട്ടുന്നത്! ബുദ്ധിയുള്ളവർ ചിന്തിക്കേണ്ടത് ഏതു വിധേനയും രക്ഷിക്കപ്പെടാനാണ്. തങ്ങളുടെ ദുഷ്ചെയ്തികൾക്കൊന്നും ഒരിക്കലും ഒരു ദുഷ്ഫലവും നേരിടേണ്ടിവരില്ല എന്ന വിചാരമാണവരെ നയിക്കുന്നത്. അവരെന്തു വിചാരിച്ചാലും ശരി, സംഭവിക്കേണ്ടത് സംഭവിക്കുക തന്നെ ചെയ്യും. സമയത്തിന്റെ പ്രശ്നം മാത്രമേ അതിലുള്ളൂ. അതു സംഭവിക്കാൻ കുറച്ചു താമസിക്കും എന്നതിനർഥം അവരതിൽനിന്നു സുരക്ഷിതരായിരിക്കുന്നു എന്നല്ല. അവർക്ക് രക്ഷാമാർഗം അവലംബിക്കാൻ കുറച്ചുകൂടി അവസരം നൽകുന്നു എന്നാണ്. ആ അവസരം വീണ്ടുവിചാരത്തിനും സ്വയം സംസ്കരണത്തിനും വിനിയോഗിക്കാതെ അസത്യത്തിലും അധർമത്തിലും തന്നെ മുന്നേറുകയാണെങ്കിൽ പിന്നീട് താക്കീതു ചെയ്യപ്പെട്ട ശിക്ഷ വന്നെത്തുമ്പോൾ ഈ നീട്ടിക്കിട്ടിയ സമയം അവർക്ക് ദോഷകരമായിട്ടാണ് ഭവിക്കുക. എത്രകാലം നീട്ടിക്കിട്ടുന്നുവോ അത്രയും കാലം ആചരിച്ച അസത്യത്തിനും അധർമത്തിനും കൂടി ശിക്ഷയനുഭവിക്കേണ്ടിവരും. നീട്ടിക്കിട്ടിയ അവസരത്തിലനുഭവിച്ച ക്ഷണികവും ക്ഷുദ്രവുമായ ഭൗതിക സുഖങ്ങളെ അപേക്ഷിച്ച് വളരെ കഠിനതരവും സുദീർഘവുമായ ശിക്ഷയായിരിക്കും അനുഭവിക്കേണ്ടിവരിക. ■